# വചനസുമം



വാല്യം 12 ✵ ജൂൺ 2014 ✵ ലക്കം 6

# പ്രസംഗം തയ്യാറാക്കിയവർ

ജൂൺ 1 : **ഉയിർപ്പിനുശേഷം ആറാം ഞായർ**

ബ്രദർ ടൈറ്റസ് ചേരാവള്ളിൽ ഒ. ഐ. സി.

ജൂൺ 8 : **പെന്തിക്കൊസ്തിതിരുന്നാൾ**

ബ്രദർ ലിബിൻ ഒ. ഐ. സി.

ജൂൺ 15 : **പെന്തിക്കൊസ്തിക്കു ശേഷം ഒന്നാം ഞായർ**

ബ്രദർ വിജോയ് വർഗ്ഗീസ് ഒ. ഐ. സി.

ജൂൺ 22 : **പെന്തിക്കൊസ്തിക്കു ശേഷം രണ്ടാം ഞായർ**

ബ്രദർ റിജോ തോമസ് ഒ. ഐ. സി.

ജൂൺ 29 : **പെന്തിക്കൊസ്തിക്കു ശേഷം മൂന്നാം ഞായർ**
**വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാൾ**

ബ്രദർ ജോസഫ് ആഞ്ചലോ ഒ. ഐ. സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 ജൂൺ 1

# ഉയിർപ്പിനുശേഷം ആറാം ഞായർ

യോഹ. 17:1-5; പുറ. 6:1-8; ജ്ഞാനം 12: 1-11; ഏശ. 44:21-28; അപ്പ.പ്രവ. 1:12-14; എഫേ. 1:15-23; യോഹ. 16:5-11

ബ്രദർ ടൈറ്റസ് ചേരാവള്ളിൽ ഒ. ഐ. സി.

# സഹായകനായ പരിശുദ്ധാത്മാവ്

## പശ്ചാത്തലം

ഉയിർപ്പിനുശേഷം ആറാം ഞായറാഴ്ചയായ ഇന്നു നമ്മുടെ ധ്യാന വിഷയം വി. യോഹന്നാൻ ശ്ലീഹ എഴുതിയ സുവിശേഷം 16-ാം അദ്ധ്യായം 5 മുതൽ 11 വരെയുള്ള തിരുവചനങ്ങളാണ്. യേശു തമ്പുരാൻ തന്റെ പീഡാനുഭവത്തിനുമുമ്പു പരിശുദ്ധാത്മാവിന്റെ വരവിനെക്കുറിച്ചും, പ്രവർത്തനത്തെക്കുറിച്ചും തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരെ പഠിപ്പിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

## പ്രമേയം

സഹായകനായ പരിശുദ്ധാത്മാവു യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അവിടുത്തെ പ്രവർത്തനങ്ങൾ തുടരുന്നു. പരിശുദ്ധാത്മാവു പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ഈ ലോകത്തെ ബോധ്യപ്പെടുത്തും.

## സന്ദേശം

1) യേശു തന്റെ ശിഷ്യന്മാരോടു പറയുകയാണ് "എന്നാൽ, ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോവുകയാണ്." യേശു തന്റെ ദൗത്യം അവസാനിപ്പിച്ചു തന്റെ പിതാവിന്റെ അടുക്കലേക്കു തിരികെപോകാറായി എന്നാണു ഈ വചനഭാഗം അർത്ഥമാക്കുന്നത്. ഒരു യഥാർത്ഥ ക്രിസ്തുശിഷ്യൻ സ്വജീവിതത്തിൽ ആർജിച്ചെടുക്കേണ്ട കാഴ്ചപ്പാടാണിത്. ഈ ലോകത്തിൽ വന്നതുപോലെ തിരികെ പോകാനുള്ളവനാണ് ഓരോ ക്രിസ്തുശിഷ്യനും. വി. മത്തായിശ്ലീഹാ

എഴുതിയ സുവിശേഷം 6–ാം അദ്ധ്യായം 19 മുതൽ 20 വരെയുള്ള തിരുവചനങ്ങളിൽ അവിടുന്നു ഇതു വ്യക്തമാക്കുന്നു. "ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത് തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും, കള്ളൻമാർ തുരന്നു മോഷ്ടിക്കും". എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയില്ല. അതിനാൽ സ്വർഗ്ഗരാജ്യത്തെ ലക്ഷമാക്കി ജീവിക്കുക എന്നതാണ് ഓരോ ക്രൈസ്തവന്റേയും ജീവിതലക്ഷ്യം.

2) പാറേക്ലേത്താ, റൂഹാ, സത്യത്തിന്റെ ആത്മാവ് എന്നിങ്ങനെ പരിശുദ്ധാത്മാവു പല സംജ്ഞകൾ ഉണ്ട്. പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ നമുക്കു കാണാൻ സാധിക്കുന്നത് സൃഷ്ടിയുടെ പുസ്തകം ഒന്നാം അദ്ധ്യായം രണ്ടാം വാക്യത്തിലാണ്. അതായത് "ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു". എല്ലാ ജീവജാലങ്ങളുടേയും പ്രത്യേകിച്ചു ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ "ജീവശ്വാസ"മാണ് ഈ ആത്മാവ് (ഉൽപ. 2:7). ഹെബ്രായഭാഷയിൽ 'റൂഹഹ്' എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ 'ശ്വാസം' അല്ലെങ്കിൽ 'കാറ്റ്' എന്നാണർത്ഥം. പ്രപഞ്ചത്തെ പരിപാലിക്കുന്നതും നിലനിർത്തുന്നതുമാണ് ഈ ജീവാത്മാവ്. ഈ ജീവാത്മാവു നമ്മെ ഈ ലോകത്തിൽ യഥാർത്ഥ ക്രിസ്ത്യാനിയായി ക്രിസ്തുവിൽ സാക്ഷ്യം വഹിക്കാൻ സഹായിക്കുന്നു.

3) പരിശുദ്ധാത്മാവ് തിരിച്ചറിവിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് മാറ്റം വരുത്തുന്ന ആത്മാവാണ്. ഈ പരിശുദ്ധാത്മാവു നമ്മെ ലോകത്തിന്റെ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തും. പാപത്തേയും പാപസാഹചര്യത്തെയും ഉപേക്ഷിക്കുവാനും ക്രിസ്തീയമായി ജീവിക്കാനും നമ്മെ ശക്തിപ്പെടുത്തുന്നത് സഹായകനായ പരിശുദ്ധാത്മാവാണ്.

4) യേശു പിതാവിന്റെ സന്നിധിയിലേക്കു പോകുന്നതുകൊണ്ടു പരിശുദ്ധാത്മാവു തന്റെ വക്താവായി (advocate) ഈ ലോകത്തിൽ തന്റെ രക്ഷാകര പദ്ധതി തുടരുന്നു. ഈ വക്താവു യേശു പഠിപ്പിച്ച

തെല്ലാം പരി. ശ്ലീഹന്മാരെ അനുസ്മരിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും പെന്തിക്കോസ്താ ദിനത്തിൽ അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ആവസിപ്പിച്ചു അവരെ വിശുദ്ധിയാലും ജ്ഞാനത്താലും പരിപൂർണ്ണരാക്കികൊണ്ട് അജ്ഞേയരഹസ്യങ്ങൾ തെളിവായി പ്രഖ്യാപിക്കുകയും ചെയ്തു.

5) പരി. റൂഹാ ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും ദൈവഭയത്തിന്റേയും അറിവിന്റേയും ആത്മാവാകുന്നു. ഈ ആത്മാവു നമ്മെ ക്രിസ്തീയ ഐക്യത്തിൽ ജീവിക്കുവാനും ഭിന്നതകളും ശണ്ഠകളും കലഹങ്ങളും ദൂരീകരിച്ചു ജീവിതത്തിൽ സ്നേഹവും സമാധാനവും സന്തോഷവും ക്രിസ്തീയ ഐക്യവും പ്രദാനം ചെയ്യുന്നു. പരി. റൂഹാ പുത്രസ്വീകാര്യത്തിന്റേയും സത്യത്തിന്റേയും ആത്മാവു, ആലോചനയുടേയും ആത്മാവാകുന്നു. ഈ ആത്മാവു നമ്മെ ത്രീത്വൈക ദൈവത്തിന്റെ കൂട്ടായ്മയിലേക്കു തിരികെകൊണ്ടുവരുന്നു.

# 2014 ജൂൺ 8
# പെന്തിക്കൊസ്തി തിരുന്നാൾ

യോഹ. 14:25-31; പുറ. 19:1-15; സുഭാ. 2:1-15; ജോയേൽ 2:28-32; അപ്പ.പ്രവ. 2:1-13; 1 കോറി. 12:4-11; യോഹ. 14:15-24.

**ബ്രദർ ലിബിൻ ഒ. ഐ. സി.**

## ആമുഖം

ക്രിസ്തീയ സഭ ഉത്ഭവിക്കുന്നതു പരിശുദ്ധാത്മാവിന്റെ ആവാസത്തോടെയാണ്. പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിധ്യവും സാമീപ്യവുമാണ് സഭയെ വിശുദ്ധയാക്കിത്തീർക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിനുശേഷം അമ്പതാം ദിവസം പരിശുദ്ധാത്മാവ് ക്രിസ്തുശിഷ്യരുടെമേൽ എഴുന്നെള്ളിയ മഹാസംഭവമാണ് നാം ഇന്നു പെന്തിക്കോസ്തി തിരുന്നാളായി ആചരിക്കുന്നത്.

## പശ്ചാത്തലം

പെന്തിക്കോസ്തി യഹൂദരുടെ ഒരു തിരുന്നാളാണ്. തങ്ങൾക്കു ലഭിച്ച വിളവിന് അവർ നാനാ ദിക്കിൽ നിന്നും ഒരുമിച്ചുകൂടി ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുന്ന ദിവസം. കൂടാതെ സീനായ് മലയിൽ വച്ചു മോശവഴി പ്രമാണങ്ങൾ ലഭിച്ചതും അവർ അന്നേദിവസം അനുസ്മരിച്ചിരുന്നു. യേശുവിന്റെ മരണത്തിനുശേഷം ശിഷ്യൻമാരിൽ പലരും നിരാശരായി അവരുടെ പഴയജോലികളിലേക്കു പ്രവേശിച്ചു. എന്നാൽ ജീവൻ നൽകുന്നവനും നയിക്കുന്നവനും പ്രവർത്തിക്കുന്നവനുമായ യേശുവിന്റെ പരിശുദ്ധാത്മാവ് പെന്തിക്കോസ്തി പെരുന്നാളിൽ അവരുടെ മേൽ ആവസിച്ചു. അതുമൂലം അവരിലെ ഭയവും ആശങ്കയും ഇല്ലാതായി. ഈ സംഭവം വി. യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായം 15 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു.

## സന്ദേശം

ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തി. "ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിച്ചപ്പോൾ അവൻ ജീവനുള്ളവനായി തീർന്നു" (ഉൽപ. 2:7). ഇതുപ്പോലെ ദൈവം തന്റെ ആത്മാവിനെ നിശ്വസിച്ച്, ആത്മീകമായി തളർന്നു നിരാശപ്പെട്ടിരുന്ന, ധൈര്യം ചോർന്നുപോയ ശിഷ്യർക്കു ധൈര്യത്തിന്റേയും സഹായത്തിന്റേയും ആത്മാവിനെ നൽകി അവരെ ധൈര്യപ്പെടുത്തുകയാണിവിടെ. അവരെ സനാഥരാക്കുകയാണു ചെയ്യുന്നത്. അതിനാൽ വചനം പറയുന്നു "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" (യോഹ. 14:18) അതിനാലാണ് അവിടുന്നു നമ്മോടുകൂടെയായിരിക്കുവാൻ നമുക്കു സഹായകനെ വാഗ്ദാനം ചെയ്തത്. വചനം പറയുന്നു "എന്നാൽ നിങ്ങൾ അവനെ അറിയുന്നു, അവൻ നിങ്ങളോടൊത്തു വസിക്കുന്നു" (യോഹ. 14:19) അതിനാലാണ് നമ്മുടെ ദൈവം തന്റെ ജനനം മുതൽ നമ്മോടൊത്തു വസിക്കുവാൻ ഇമ്മാനുവേലായത്. പിന്നീടുള്ള വാക്യങ്ങളിൽ പറയുന്നു "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും" (യോഹ. 14:16) മനുഷ്യനു തുടക്കം കുറിക്കാനേ ആവൂ. പക്ഷെ പൂർത്തിയാക്കുന്നതു പരിശുദ്ധാത്മാവാണ്. കാരണം പൂർത്തീകരണ കർമ്മം പരിശുദ്ധാത്മാവിന്റേതാണ്. ക്രൈസ്തവരായ നാം ഇതേ ആത്മാവിനെ മാമോദീസാ എന്ന കൂദാശയിലൂടെ സ്വീകരിച്ചു ആ ആത്മാവിനെയാണ് നാമിന്നു ഹൃദയത്തിൽ പേറിയിരിക്കുന്നത്. ഇവിടെ നമുക്കു മറ്റൊരു വചനംകൂടി ചേർത്തു വായിക്കാം. വി. യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 19-ാം വാക്യം പറയുന്നു "ഞാൻ നിങ്ങളെ അയക്കുന്നു". യഹൂദരെ ഭയന്നു കതകടച്ചിരുന്ന അതേ ശിഷ്യഗണത്തെ യേശു ധൈര്യപൂർവ്വം അയക്കുന്നു. കാലാകാലങ്ങളിൽ സഭയെ നയിക്കാൻ യേശു ദുർബലരായ സാധാരണക്കാരായ മനുഷ്യരെ തിരഞ്ഞെടുത്തു നയിക്കുന്നു. അതിനുദാഹരണമായി ഒരു സംഭവകഥ ഇവിടെ വിവരിക്കുന്നു: അവൻ പുലരും മുമ്പേ എഴുന്നേൽക്കും. കുറേനേരം മുട്ടുകുത്തി പ്രാർത്ഥിക്കും. പിന്നെ അടുക്കളയിലേക്ക്. അവിടുത്തെ ജോലി തീർന്നാലുടൻ കമ്പിളി ഉടുപ്പുകളിട്ട് തെരുവിലേക്ക് ഒറ്റ ഓട്ടമാണ്. തെരുവിലെ ക്യൂവിൽസ്ഥാനം പിടിക്കും. പട്ടിണിയുടെ കാലമാണ്. റൊട്ടി വാങ്ങാനുള്ള ക്യൂവിലാണ്. അമ്മ

പണ്ടേ മരിച്ചു. രോഗിയായ പിതാവിനു പ്രഭാതഭക്ഷണം ഒരു ക്കണം. അവനും അല്പം കഴിക്കും. പിന്നെ കുറച്ചു റൊട്ടിയും വെള്ള വും പാത്രത്തിലാക്കി പണിസ്ഥലത്തേക്ക്. പാറമടയാണ് പണിസ്ഥലം. പണി പാറപൊട്ടിക്കൽ. കൈയ്യിൽ ചാട്ടയുമായി കരാറുകാരൻ പുറകി ലുണ്ട്. സന്ധ്യയായാൽ ഓടികിതച്ച് വീട്ടിലേക്ക്. അടിച്ചു വാരൽ, അലക്ക്, അടുക്കളപ്പണി ഇതൊക്കെ കാത്തിരിക്കുകയാണ്. അങ്ങനെ രാത്രിയാ യാൽ പിതാവും മകനും മുട്ടുകുത്തി പ്രാർത്ഥിക്കും. രണ്ടാം ലോക മഹായുദ്ധകാലത്ത് പോളണ്ടിൽ താമസിച്ചിരുന്ന ഒരു ബാലന്റെ ദിനചര്യ. ഈ ബാലനാണ് പിന്നീട് സാർവ്വത്രികസഭയുടെ തലവനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയായത്. ധ്യാനിച്ചു, പ്രാർത്ഥിച്ചു ദൈവാത്മാവിന്റെ ദാനം സ്വീകരിച്ച അപ്പോസ്തോലന്മാരെക്കുറിച്ചാണല്ലോ നാം ഇന്നു ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ദുർബലരെ പ്രേഷിതദൗത്യം ഏൽപിക്കുന്ന ദൈവം; ക്രിസ്തീയ ജീവിതം പരിശുദ്ധാത്മാവിലുള്ള ജീവിതമാണ്. ഒരുവൻ ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് അഥവാ ക്രിസ്തീയ ഭവനത്തിലെ അംഗമാകുന്നതു പ. ത്രിത്വത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടുകൂടിയാണ്. ഈ പരിശുദ്ധാത്മാവിനോടൊത്തുള്ള ജീവിതമാണു സഭ നമ്മിൽ നിന്നും ഈ തിരുനാളിൽ ആവശ്യപ്പെടുന്നത്.

## വിചിന്തനം

"ഉന്നതത്തിൽ നിന്നു ശക്തി സ്വീകരിക്കുന്നതു വരെ നിങ്ങൾ പട്ടണം വിട്ടു പുറത്തു പോകരുത്" (അപ്പ. പ്രവ. 1:4). ഇന്നു നാം പെന്തക്കുസ്താ തിരുന്നാൾ ആചരിക്കുമ്പോൾ അതു ശ്ലീഹാകാലത്തിന്റെ ആരംഭവു മാണ്. ഉന്നതത്തിൽ നിന്നു ശക്തി സ്വീകരിക്കാൻ നമുക്കും തയ്യാറാകാം. മാമോദീസായിലൂടെയും വി. കൂദാശകളിലൂടെയും അഭിഷേകത്തിന്റെ മുദ്ര പേറിയിരിക്കുന്ന നമുക്ക് അഭിഷേകത്തിന്റെ ആത്മാവിനെ സഭ യ്ക്കും, സമൂഹത്തിനും ഇന്നിന്റെ ചുറ്റുപാടുകളിൽ നൽകുവാൻ സാധി ക്കുന്നുണ്ടോ എന്നു പുനർവിചിന്തനം ചെയ്യാം. അതിനാൽ നമുക്ക് ഉന്നതത്തിൽ നിന്നു ശക്തി സ്വീകരിക്കുന്നത് വരെ പട്ടണം വിട്ട് പുറത്തു പോകാതിരിക്കാം.

# 2014 ജൂൺ 15

# പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞായർ

യോഹ. 6:1–15; ഉൽപ. 41:37–45; ജോഷ്വാ 5:1–9; ജറ. 29:4–14; അപ്പ.പ്രവ. 2:14–21; റോമ. 8:1–11; യോഹ. 6:25–33

ബ്രദർ വിജോയ് വർഗ്ഗീസ് തെക്കേപ്പൂക്കളം ഒ. ഐ. സി.

## പശ്ചാത്തലം

വി. യോഹന്നാന്റെ സുവിശേഷം അറിയപ്പെടുക അടയാളങ്ങളുടെ പുസ്തകമെന്നാണ്. അടയാളങ്ങളുടെ പുസ്തകത്തിൽ (1–12) ഈശോ നടത്തുന്ന ഏറ്റവും സുദീർഘമായ പ്രഭാഷണമാണ് 6–ാം അദ്ധ്യായത്തിലുള്ളത്. 6–ാം അദ്ധ്യായത്തിനു പ്രധാനമായി നാലു ഭാഗങ്ങളാണുള്ളത്. (1) ഈശോ അപ്പം വർദ്ധിപ്പിക്കുന്നു (6:1–15). (2) ഈശോ വെള്ളത്തിനു മീതെ നടന്നു ശിഷ്യന്മാരുടെ അടുത്തെത്തുന്നു (6:16–24). (3) നിത്യജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം (6:25–59). (4) ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ഇടർച്ച (6:60–71). ഇന്നത്തെ സുവിശേഷം വി. കുർബ്ബാനയെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ ആദ്യഭാഗമാണ്.

## പ്രമേയം

യേശു അപ്പം വർദ്ധിപ്പിച്ചു ജനങ്ങളെ തൃപ്തരാക്കിയതിന്റെ പിറ്റേ ദിവസം അവരിൽ ചിലർ യേശുവിനെ അന്വേഷിച്ചു ചെല്ലുന്നു. അപ്പോൾ യേശു അവർക്കു തന്നെത്തന്നെ ശരീര രക്തങ്ങളായി നൽകും എന്നു പഠിപ്പിക്കുന്നു. യേശുവാണു സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമെന്നു വിശ്വസിക്കുകയും അവനെ സ്വീകരിക്കുകയും ചെയ്യുന്നവർക്കാണു നിത്യജീവൻ ഉണ്ടാകുന്നത്.

## സന്ദേശം

### 1. ക്രിസ്തുവിനെ കാണുവാൻ നമ്മുടെ ഉൾക്കണ്ണു തുറക്കുക

അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കിയ യേശുവിനെയാണ് ഇതിനു മുമ്പുള്ള ഭാഗത്തു സുവിശേഷകൻ വരച്ചു കാട്ടുന്നത്.

ഭക്ഷിച്ചു തൃപ്തരായ ജനം വളരെ സന്തോഷത്തോടെയാണു തങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങുന്നത്. പിറ്റേ ദിവസം കടലിന്റെ മറുകരയിൽ ക്രിസ്തുവിനെ വളരെ ആകാംക്ഷയോടെയാണു ജനം നോക്കിക്കാണുന്നത്. അതുകൊണ്ടാണ് അവർ ചോദിക്കുക; റബ്ബി അങ്ങ് എപ്പോൾ ഇവിടെ എത്തി എന്ന് (25). അവരുടെ ചോദ്യത്തിനുള്ള ക്രിസ്തുവിന്റെ മറുപടി വളരെ അർത്ഥസംപുഷ്ടമായതാണ്. "അടയാളങ്ങൾ കണ്ടതുകൊണ്ടല്ല അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണു നിങ്ങൾ എന്നെ അന്വേഷിക്കുന്നതു". നശ്വരമായ അപ്പത്തെ അന്വേഷിക്കുന്ന ജനത്തിനു അനശ്വരമായ നിത്യജീവന്റെ ഉറവയായ ക്രിസ്തുവിനെ തിരിച്ചറിയാൻ സാധിക്കാതെ പോകുന്നു. ക്രിസ്തുവിനെ കാണണമെങ്കിൽ നമ്മുടെ അധരം ജ്വലിക്കണം, കണ്ണുകളെ തുറക്കണം. എമ്മാവൂസിലേയ്ക്കു പോയ ശിഷ്യൻമാർക്കു യേശു അപ്പം മുറിച്ചു കൊടുത്തപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അനുദിനം വി. കുർബാനയിലൂടെ നമ്മുടെ ഉള്ളിലേയ്ക്കു യേശു കടന്നുവരുമ്പോൾ നമ്മുടെ ഹൃദയം ജ്വലിക്കാറുണ്ടോ? കണ്ണുകൾ തുറക്കപ്പെടുന്നുണ്ടോ?

### 2. നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കണം (യോഹ. 6:27)

ഈ ലോകത്തിൽ നമുക്കു ലഭിക്കുന്ന ഭക്ഷണം നശ്വരമായതാണ്. അവ നമ്മുടെ വിശപ്പും ദാഹവും അൽപനേരത്തേക്കു മാത്രം ശമിപ്പിക്കുന്നു. യേശു സമറിയാക്കാരിയോടു പറയുന്നു 'ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും' (യോഹ. 4:13). അനശ്വരമായ ഭക്ഷണത്തിനുവേണ്ടിയാണു നാം അദ്ധ്വാനിക്കേണ്ടത്. ദൈവവചനമാണ് അനശ്വരമായ ഭക്ഷണം. 'ദൈവത്തിന്റെ നാവിൽനിന്നും പുറപ്പെടുന്ന ഓരോ വാക്കുകൾക്കൊണ്ടുമാണു മനുഷ്യൻ ജീവിക്കുന്നത്' (മത്താ. 4:4). അതുകൊണ്ടാണു ജോബ് പറയുന്നത് 'അവിടുത്തെ മൊഴികൾ ഞാൻ എന്റെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിച്ചു' (23:12). സങ്കീർത്തകൻ പറയുന്നു 'അവ പൊന്നിനേയും തങ്കത്തെയുംകാൾ അഭികാമ്യമാണ്. തേനിനേയും തേൻകട്ടയെയുംകാൾ മധുരമാണ്' (19:10). ജെറമിയ പ്രവാചകന് ഈ വചനം ആനന്ദാമൃതമായി (ജെറ. 15:13). ഇന്നത്തെ

സുവിശേഷ ഭാഗം വെളിപ്പെടുത്തുന്നു ഈ വചനം ക്രിസ്തു വാണെന്ന്. വചനം മാംസമായി നമ്മിലേക്കു ഇറങ്ങിവന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന നിത്യജീവന്റെ അപ്പം വചനമായ ക്രിസ്തുവാണ്. ക്രിസ്തുവാകുന്ന അനശ്വര അപ്പത്തിനുവേണ്ടിയാണു നാം അദ്ധ്വാനിക്കേണ്ടത്.

**3. അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക**

ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ എന്തു ചെയ്യണമെന്ന ചോദ്യത്തിനുള്ള യേശുവിന്റെ മറുപടിയാണ് 'അവിടുന്ന് അയച്ചവനെ വിശ്വസിക്കുക' എന്നത്. അവിടുന്നയച്ചവൻ ക്രിസ്തുവാണ്. നാം കരുതുന്ന ദൈവഹിതമനുസരിച്ചുള്ള പ്രവർത്തികളായ, ധാർമ്മികമായ ജീവിതത്തിന്റേയും, സുവിശേഷപ്രഘോഷണത്തിന്റേയും, ആരാധന യുടേയുമൊക്കെ അടിസ്ഥാനം അവിടുന്നു അയച്ചവനിലുള്ള വിശ്വാസ മാണ്. ഈ വിശ്വാസമില്ലാതെ ചെയ്യുന്ന ഏതൊരു പ്രവർത്തിയും വിജയത്തിലെത്തുകയില്ല. അയച്ചവനിൽ വിശ്വസിക്കുക എന്നുള്ളത് ഒരു പ്രവർത്തിയേക്കാളുപരി ക്രിസ്തുവിനോടുകൂടെയുള്ള ജീവിതമാണ്. ഒരുവന്റെ ഹൃദയത്തേയും ആത്മാവിനേയും ചിന്തകളേയുമൊക്കെ ക്രിസ്തുവിന് ഭരമേൽപിക്കലാണ്. 'കർത്താവായ യേശുവിൽ വിശ്വസി ക്കുക നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' (അപ്പ. പ്രവ. 16:31).

## ഉപസംഹാരം

നിത്യജീവന്റെ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരാകണം നാം. അനുദിനം വി. കുർബാനയിലൂടെ ഈ അപ്പം നാം ഭക്ഷിക്കുമ്പോൾ നമ്മുടെ ഉൾകണ്ണുകൊണ്ടു ക്രിസ്തുവിനെ നമുക്കു കാണുവാൻ സാധിക്കണം. ജീവന്റെ അപ്പമായ ക്രിസ്തുവിനെ ഭക്ഷിക്കുന്നതു നിമിത്തം ആ ജീവൻ മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാൻ നമുക്കു സാധിക്കണം. എങ്കിൽ മാത്രമേ നാം ക്രിസ്തുശിഷ്യരായി മാറുകയുള്ളൂ.



# 2014 ജൂൺ 22

# പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായർ

ലൂക്കോ. 6:12–16; സംഖ്യ. 16:1–11; 1 സാമു. 2:27–36; ഏശ. 49:1–7; അപ്പ.പ്രവ. 1:15–26; 1 കോറി. 1:26–31; ലൂക്കോ. 9:1–6.

ബ്രദർ റിജോ തോമസ് ഒ. ഐ. സി.

## പശ്ചാത്തലം

യേശു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിൽ നിർവഹിച്ച ശുശ്രൂഷയെപ്പറ്റിയുള്ള ലൂക്കോസിന്റെ വിവരണത്തിന്റെ (4:14; 9:50) അവസാനഭാഗത്തിൽപെടുന്നു ലൂക്കാ. 9:1–6. ഗലീലി ശുശ്രൂഷയുടെ ആരംഭത്തിൽ യേശു പന്ത്രണ്ട് അപ്പസ്തോലൻ മാരെ തിരഞ്ഞെടുത്തിരുന്നു. അവരാണ് പന്തിരുവർ (ലൂക്കാ. 6:12–14) അവരുടെ തിരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം അപ്പോൾ യേശു വ്യക്തമാക്കി യിരുന്നില്ല. തനിക്കെതിരേ എതിർപ്പു വർദ്ധിച്ചുക്കൊണ്ടിരിക്കുന്നതിന്റേ യും, അതിലൂടെ തന്റെ വ്യക്തിത്വം കൂടുതൽ വെളിപ്പെടാനിരിക്കുന്നതി ന്റേയും പശ്ചാത്തലത്തിൽ ദൈവരാജ്യശുശ്രൂഷ നിർവഹിക്കാൻ ഗലീലിയിൽ വച്ച് യേശു പന്തിരുവരെ അയച്ചതിന്റെ വിവരണമാണ് ലൂക്കോസ് സുവിശേഷകൻ ഈ ഭാഗത്തു നൽകുന്നത്. ഈ അയപ്പ് ദൈവരാജ്യശുശ്രൂഷയ്ക്കു യേശു അവർക്കു നൽകുന്ന പരിശീലന ത്തിന്റെ ഭാഗമാണ്. ഒപ്പം തന്നെ അത് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു അപ്പസ്തോലന്മാരെ ദൈവരാജ്യശുശ്രൂഷയ്ക്കായി ഭൂസീമകളോളം അയയ്ക്കാനിരുന്നതിന്റെ (അപ്പ.പ്രവ. 1:6–8) മുൻകുറിയുമാണ്.

## പ്രമേയം

യേശു പന്ത്രണ്ടുപേരെ വിളിച്ചുകൂട്ടി ഒരു സംഘമാക്കി ആ സംഘത്തിന് പൊതുവായി ദൗത്യവും അതു നിർവഹിക്കാൻ വേണ്ട അധികാരവും, ശക്തിയും കൊടുത്തു. യേശു ഗലീലിയിൽ ദൈവരാജ്യ

ശുശ്രൂഷ ചെയ്തു കൊണ്ടിരുന്നപ്പോൾ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതും അധികാരത്തോടെ പഠിപ്പിക്കുന്നതും പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതും രോഗങ്ങൾ സുഖപ്പെടുത്തുന്നതും നേരിട്ടു കണ്ടവരാണ് പന്തിരുവർ. അവർക്ക് സകല പിശാചുക്കളെയും പുറത്താക്കാനും ദൈവരാജ്യം പ്രഘോഷിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും അധികാരവും ശക്തിയും നൽകി അയച്ചു. അയച്ചവന്റെ അധികാരവും ശക്തിയും ഉപയോഗിച്ചും അവൻ വ്യക്തമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചും അവർ പോയിടത്തെല്ലാം ദൈവരാജ്യശുശ്രൂഷ നിർവഹിച്ചു.

## സന്ദേശം

### 1. പ്രേഷിതപ്രവർത്തനത്തിനുള്ള പ്രബോധനവും പരിശീലനവും

യേശു ശിഷ്യന്മാരെ പ്രേഷിതവൃത്തിക്കയയ്ക്കുന്നതിനു മുമ്പു സ്വർഗ്ഗരാജ്യശുശ്രൂഷയ്ക്കു സജ്ജമാക്കുന്നതിനു വേണ്ട പ്രബോധനങ്ങളും പരിശീലനങ്ങളും നല്കിയിരുന്നു. സന്തതസഹചാരികളായിരുന്ന ശിഷ്യർക്കു ഗുരുകുലാഭ്യാസമാണു ലഭിച്ചിരുന്നത്. ഗുരുവിന്റെ ചൊല്ലുകൾ കേട്ടറിയുവാനും ചെയ്തികൾ കണ്ടറിയുവാനുമുള്ള അവസരങ്ങൾ ആയിരുന്നു അവ. പരിശീലനം പൂർത്തിയായ അപ്പസ്തോലന്മാരെ പ്രേഷിതവൃത്തിക്ക് അയയ്ക്കുമ്പോൾ നൽകുന്ന പ്രബോധനങ്ങളാണിത്. ആധുനികഭാഷയിൽ പറഞ്ഞാൽ പഠനം പൂർത്തീകരിച്ചവർക്കുള്ള കോൺവൊക്കേഷൻ അഡ്രസ്സാണ് ഇന്നത്തെ വേദഭാഗം. വിളിച്ചു വേർതിരിച്ചവരെ വിളിയിലൂടെ തന്നെ സർവ്വവരങ്ങളാലും കൃപകളാലും അനുഗ്രഹിക്കാൻ കഴിവുള്ള കർത്താവു വിളിയുടെ അനുഗ്രഹത്തോടൊപ്പം അവർക്കു അറിവും അനുഭവവും പകർന്നുകൊടുത്തതിനുശേഷമാണ് സ്വർഗ്ഗരാജ്യത്തിന്റെ ശുശ്രൂഷകരും സ്വർഗ്ഗീയ രഹസ്യങ്ങളുടെ പരിചാരകരുമായി നിയോഗിച്ചത്. ശിക്ഷണമോ ശിഷ്യത്വമോ അല്പം പോലുമില്ലാതെയും അഥവാ ആവശ്യത്തിനില്ലാതെയും പഠനത്തിന്റെയും പരിശീലനത്തിന്റെയും വളയമില്ലാതെയും കുറുക്കുവഴികളിലൂടെ കുസലില്ലാതെ ചാടിക്കയറി ചെയ്യാവുന്നതല്ല പ്രേഷിതപ്രവർ

ത്തനം. സഭാശുശ്രൂഷകർക്കും നായകർക്കും അവശ്യം വേണ്ട പഠനത്തെക്കുറിച്ചും പരിശീലനത്തെക്കുറിച്ചും യേശു ശിഷ്യന്മാരെ ബോധവാൻമാരാക്കുന്നു.

**2. സുവിശേഷം പ്രസംഗിക്കുക, സൗഖ്യമാക്കുക**

യേശുക്രിസ്തു ശിഷ്യന്മാരെ അയയ്ക്കുമ്പോൾ അവർക്കു പ്രസംഗിക്കാൻ വിഷയമോ ആശയമോ നല്കുക എന്നതിനേക്കാൾ അവരുടെ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ക്രമീകരണമുണ്ടാക്കാൻ വേണ്ട കാര്യങ്ങളാണു ചെയ്തത്. പ്രബോധനങ്ങളേക്കാൾ പ്രാധാന്യം ജീവിതത്തിനാണ് എന്നുള്ളതുകൊണ്ടാണ് എന്തു കരുതണം, എന്തു കരുതേണ്ട, എന്തു പറയണം, എങ്ങനെ പ്രതികരിക്കണം എന്നു ശിഷ്യരെ ഗുരു അനുസ്മരിപ്പിക്കുന്നത്. സുവിശേഷം അറിയിക്കുക, സൗഖ്യമാക്കുക എന്നീ രണ്ടു ചുമതലകൾ യേശു അവരെ ഭരമേൽപ്പിക്കുന്നു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ അനുതാപത്തിലേക്ക് ആളുകളെ ആനയിക്കുകയാണു ശിഷ്യരുടെ ലക്ഷ്യം.

അപ്പസ്തോലന്മാരെ അയയ്ക്കുമ്പോൾ യേശു അവരെ അനുഗമിക്കുന്നില്ല. ഗുരു പ്രസംഗിച്ചതു ശ്രവിച്ചവരും, പ്രവർത്തിച്ചതു ദർശിച്ചവരുമാണു ശിഷ്യർ. യേശുവിന്റെ ശാരീരിക അസാന്നിദ്ധ്യത്തിൽ താൻ ചൊല്ലിയതും, ചെയ്തതും തുടരുവാനാണ് അവരെ അയയ്ക്കുന്നത്. അഥവാ മറ്റൊരു ക്രിസ്തുവായിത്തീരാനാണ് അവരുടെ നിയോഗം. രോഗസൗഖ്യം, കുഷ്ഠരോഗബാധിതരുടെ ശുദ്ധീകരണം, ബാധകളിൽ നിന്നുള്ള മുക്തി ഇവയെല്ലാം യേശുവിന്റെ പ്രവർത്തികളിലും പ്രസംഗങ്ങളിലും പ്രധാനപ്പെട്ടതായിരുന്നു. അതുതന്നെയാണ് ശിഷ്യരുടെ വേലയും.

ഇന്നു യേശുക്രിസ്തു അയയ്ക്കുന്നതു നമ്മെയാണ്. ക്രിസ്തുവിന്റെ ദൈവരാജ്യപ്രഘോഷണവും സൗഖ്യശുശ്രൂഷയും തുടർന്നുകൊണ്ടുപോകാൻ വിളിക്കപ്പെട്ടവരാണു നാം. സുവിശേഷത്തിനു യോജ്യവും യോഗ്യവുമായ ഒരു ജീവിതക്രമമാണോ നമ്മുടേതെന്നു

ആത്മശോധന ചെയ്യാൻ ഈ വേദഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നു. യേശുവിന്റെ കരുണയും ആർദ്രതയും സ്നേഹവും വിശ്വസ്തതയുമാണ് ഈ ദൗത്യത്തിൽ നമ്മുടെ മാതൃക. വാക്കും പ്രവൃത്തിയും ജീവിതവും പ്രഘോഷണവും തമ്മിലുള്ള അന്തരം കുറയുന്തോറും നമ്മുടെ ദൗത്യത്തിന് ആധികാരികതയേറും. നമ്മുടെ സാന്നിധ്യം മറ്റുള്ളവർക്കു സൗഖ്യത്തിന്റെ അനുഭവം പ്രദാനം ചെയ്യും. സുവിശേഷമാകാനും സൗഖ്യം പ്രദാം ചെയ്യാനുമുള്ള ജീവിതമായിത്തീരണമെങ്കിൽ നാം ക്രിസ്തുവിനെ സ്വന്തമാക്കണം. ദൈവസമ്പാദനമെന്ന മാർ ഈവാനിയോസ് പിതാവിന്റെ ദർശനവും ഈ സത്യത്തിലേക്കാണു വിരൽ ചൂണ്ടുന്നത്.



# 2014 ജൂൺ 29

## പെന്തിക്കോസ്തിക്കു ശേഷം മൂന്നാം ഞായർ

## മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാൾ

മത്താ. 16:13-23; ഉൽപ. 7:6-16; ജെറ. 31:1-9; ഏശ. 43:1-7; അപ്പ.പ്രവ. 12:6-19; 2 തിമോ. 4:6-10; യോഹ. 21:15-19

**ബ്രദർ ജോസഫ് ആഞ്ചലോ ഒ. ഐ. സി.**

### ആമുഖം

> "ഒരു നല്ല നേതാവിന്റെ കൈവശം എപ്പോഴും ലക്ഷ്യബോധമുള്ള ഒരു സംവിധാനക്രമം ഉണ്ടായിരിക്കും. തന്റെ ലോകത്തെ മാറ്റുവാൻ യേശു ഒരു ക്രമം രൂപപ്പെടുത്തി. താൻ ഒറ്റയ്ക്കല്ല, ഈ ലോകത്തെ മാറ്റേണ്ടതെന്നു യേശുവിന് അറിയാമായിരുന്നു."
>
> -ലൗറി ബെത് (ജീസസ് സി.ഇ.ഒ.)

കത്തോലിക്കാസഭയുടെ അടിസ്ഥാനം, ഉത്ഥാനത്തിന്റെ ആദ്യസാക്ഷികളായ ശ്ലീഹന്മാരാണു പണിതത്. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരെ പ്രത്യേകം സ്മരിക്കുന്ന ശ്ലീഹാ നോമ്പിന്റെ അവസാന ദിനമായ ഇന്ന് യേശു തന്റെ രക്ഷാകര രഹസ്യങ്ങളുടെ തുടർച്ചക്കായി ഒരു സംവിധാനക്രമം രൂപപ്പെടുത്തുന്ന വേദഭാഗമാണു തിരുസഭ നമ്മുടെ ചിന്തക്കായി നൽകിയിരിക്കുന്നത്. പത്രോസിന്റെ സിംഹാസനത്തോടു സഭയെ മുഴുവൻ ചേർത്തുവയ്ക്കുന്നതിന്റെ മൂലവേദഭാഗമായ യോഹ. 21:15-19 വരെയുള്ള വാക്യങ്ങളാണ് അവ. അജപാലനത്തിന്റെ ദൗത്യം ഭരമേൽപ്പിക്കപ്പെടുന്നതും നമുക്ക് ഇവിടെ കാണാം.

## പ്രമേയം

യേശു മൂന്നാം പ്രാവശ്യം തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടതിനുശേഷം തന്റെ ദൗത്യം തുടരുവാനുള്ള ആഹ്വാനം ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ് ശ്ലീഹായ്ക്കു നൽകുന്നതാണ് വേദഭാഗം. തിബേരിയോസ് കടൽത്തീരത്തുവച്ച്, 'ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുവോ?' എന്നു മൂന്നാവർത്തി ചോദിച്ച് (vv.15,16,17) തന്റെ അജഗണത്തെ മേയിക്കുവാനുള്ള ദൗത്യം ഭരമേൽപ്പിക്കുന്നതായി ഇവിടെ നമുക്കു കാണാം. 'നല്ല ഇടയനായ യേശു' (യോഹ. 10:15) തന്റെ അജഗണത്തെ വഴിയിൽ ഉപേക്ഷിച്ചു പോകുന്നവനല്ല, മറിച്ചു തന്റെ പ്രതിപുരുഷനെ 'എന്റെ കുഞ്ഞാടുകളെ മേയിക്കുക' (v. 18) എന്നു പറഞ്ഞേൽപ്പിച്ചു, വലിയ ഇടയൻ ഒരു സംവിധാനക്രമം രൂപപ്പെടുത്തുന്നു. തുടർന്നു എപ്രകാരം പത്രോസ് മരണത്തെ നേരിടുമെന്നും ദൈവത്തെ മഹത്വപ്പെടുത്തുന്നുവെന്നും (vv. 18,19) പ്രതിപാദിക്കുന്നു.

## സന്ദേശം

### 1. സ്നേഹത്തിൽനിന്നു ഗമിക്കുന്ന നേതൃത്വം

യേശു മൂന്നു പ്രാവശ്യം പത്രോസിനോടു ചോദിക്കുന്നത് - 'നീ എന്നെ സ്നേഹിക്കുന്നുവോ' എന്നാണ്. ഒരു ഉത്തരവാദിത്വം ഏൽപ്പിക്കപ്പെടുമ്പോൾ 'നിനക്ക് ഇതു ചെയ്യാമോ?' എന്നതിലുപരിയായി 'നീ എന്നെ സ്നേഹിക്കുന്നുവോ?' എന്ന യേശുവിന്റെ ചോദ്യം വളരെ പ്രസക്തമാണ്. കാരണം, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതും ഏൽപ്പിക്കപ്പെടേണ്ടതും സ്നേഹത്തിൽനിന്നുമാണ്. സ്നേഹമാണ് മറ്റെന്തിന്റെയും മാനദണ്ഡം.

- ദൈവികൻ ഇടവകയെ നയിക്കേണ്ടത് തന്റെ അജഗണത്തോടുള്ള സ്നേഹത്തിൽനിന്നുമാണ്.
- ഒരു കുടുംബം നയിക്കപ്പെടേണ്ടത് സ്നേഹം എന്ന അടിസ്ഥാനത്തിന്മേലാണ്.

- ഒരു രാഷ്ട്രീയ നേതാവ് അധികാരം ഏറ്റെടുക്കേണ്ടത് സമൂഹത്തോടുള്ള സ്നേഹത്തോടെയുള്ള പ്രതിപത്തിയോടെയാണ്.

**2. മുള്ളിനെ മുള്ളുകൊണ്ടുതന്നെ എടുക്കുക**

നാം മറ്റാരുടെയെങ്കിലും മുറിവിനു കാരണമായിട്ടുണ്ടെങ്കിൽ, അതിനു പരിഹാരം കാണുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. വാക്കുകൾകൊണ്ട് ഒരുവനെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതു പരിഹരിക്കുക. പ്രവർത്തികൾക്കൊണ്ട് ഒരുവനെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതു പരിഹരിക്കുക. പത്രോസ് ശ്ലീഹയാണ് ഇതിനു നമുക്കു മുമ്പിലുള്ള ഉദാത്തമായ മാതൃക. യേശുവിനെ മൂന്നു തവണ 'തനിക്കറിയില്ല' എന്നു പറഞ്ഞു തള്ളിപ്പറഞ്ഞ (യോഹ. 18:15-18) പത്രോസ് മൂന്നു തവണ യേശുവിനെ ഏറ്റുപറയുകയാണ്-"കർത്താവേ നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു" (vv. 17) തള്ളിപ്പറഞ്ഞ സഹോദരനെ സ്നേഹിക്കുവാനും തിരുത്തിപ്പറയുവാനും അവന്റെ മുറിവുണക്കുവാനും ഈ വേദഭാഗം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

3. ചോദ്യങ്ങൾ ആവർത്തിപ്പെടുമ്പോൾ, പ്രത്യേകിച്ചു തന്റെ മനസ്സിലെ സ്നേഹത്തെക്കുറിച്ചും ഉദ്ദേശശുദ്ധിയെക്കുറിച്ചും, ദുഃഖമുണ്ടാവുക എന്നതു മാനുഷികമാണ്. "മൂന്നാം പ്രാവശ്യവും യേശു നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചതിനാൽ പത്രോസ് ദുഃഖിതനായി" പക്ഷേ, തന്റെ ഉത്തരത്തിൽ ഉറച്ചു നിൽക്കുകയും അതിൽ കൂടുതൽ ആഴപ്പെട്ടു വരികയും ചെയ്യുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. പത്രോസ് പറയുന്നു: 'നീ എല്ലാം അറിയുന്നു...' ഇത് ഒരു വളർച്ചയാണ്, സ്നേഹത്തിന്റെ ആഴപ്പെടലാണ്. ഗ്രീക്കു മൂലത്തിൽ സ്നേഹത്തിനു ഉപയോഗിക്കുന്ന മൂന്നു പദങ്ങൾ ഈ ആഴപ്പെടലിന്റെ വിവിധ ഘട്ടങ്ങളാണ് - ഈറോസ്, ഫീലിയ, അഗാപ്പെ.

4. സ്നേഹം പ്രകടിപ്പിക്കപ്പെടേണ്ടതാണ്. യേശു സ്നേഹം പ്രകടിപ്പിച്ചതു തന്റെ ജീവൻപോലും നൽകിക്കൊണ്ടാണ്. പത്രോസ് സ്നേഹം പ്രകടിപ്പിച്ചതു തന്റെ ഏറ്റുപറച്ചിലിലൂടെയാണ്. പത്രോസിന്റെ സ്നേഹപ്രകടനം

വാക്കുകളിൽ ഒതുങ്ങി നിന്നില്ല - അജപാലന ശുശ്രൂഷയിലേക്കും അതു പടർന്നു. യേശു പത്രോസിന്റെ സ്നേഹിക്കുന്നുവെന്ന മറുപടി പ്രതീക്ഷിച്ചതു ദൗത്യം ഏൽപ്പിക്കപ്പെടുന്നതിനുവേണ്ടിയായിരുന്നു. സ്നേഹം ശുശ്രൂഷ ആവശ്യപ്പെടുന്നു. യേശുവിന്റെ ജീവിത ബലി ശുശ്രൂഷയുടെ പാരമ്യമായിരുന്നു. പത്രോസിന്റെ ഏറ്റുപറച്ചിൽ ആ പാരമ്യത്തിന്റെ തുടർച്ചക്കുവേണ്ടിയായിരുന്നു. ഇത് ഇന്നു നമ്മിലൂടെയാണു തുടരേണ്ടത്.